# ‘സാമൂഹ്യ വിപ്ലവത്തിന് സ്ത്രീശക്തി’

## ജമാഅത്തെ ഇസ്‌ലാമി

# കേരള വനിതാ സമ്മേളനം

ലേഖനം

ഇ.സി ആഇശ
(സമ്മേളന കൺവീനർ)

**നാം** ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന കേരള വനിതാ സമ്മേളനത്തിന് ദിവസങ്ങൾ മാത്രമാണ് ബാക്കിയുള്ളത്. ‘സാമൂഹ്യ വിപ്ലവത്തിന് സ്ത്രീശക്തി’ എന്ന സന്ദേശം ഉയർത്തിപ്പിടിച്ച് വൈവിധ്യമാർന്ന പരിപാടികളുമായി കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ, ഉൾഗ്രാമങ്ങൾ മുതൽ വലിയ ടൗണുകൾ വരെ മാസങ്ങളായി ജമാഅത്തെ ഇസ്‌ലാമി വനിതാ പ്രവർത്തകർ കർമനിരതരായി.

സ്ക്വാഡ് വർക്കുകൾ, ഗൃഹാങ്കണ യോഗങ്ങൾ, വാഹന പ്രചാരണം, കൊളാഷ് പ്രദർശനം, ടേബ്ൾ ടോക്കുകൾ, സെമിനാറുകൾ, സിംബോസിയം, വിദ്യാർഥിനികൾക്കും കുടുംബിനികൾക്കും വൈജ്ഞാനിക മത്സരങ്ങൾ തുടങ്ങിയ പരിപാടികളിലൂടെ സമ്മേളനം ഇതിനകം ജനശ്രദ്ധ ആകർഷിച്ചിട്ടുണ്ട്.

നിലവിലെ സാമൂഹിക പരിതസ്ഥിതിയിൽ ഇത്തരമൊരു സമ്മേളനത്തിന്റെ പ്രസക്തി ബോധ്യപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ സാഹിത്യ-സാംസ്കാരിക-രാഷ്ട്രീയ-മത മേഖലകളിലെ പ്രമുഖ വ്യക്തിത്വങ്ങളെ കണ്ട് സംസാരിക്കുകയുണ്ടായി. ഇസ്‌ലാം സ്ത്രീയോട് നീതി കാണിക്കുന്നുണ്ടോ,

പുരുഷനെ പോലെ വളരാനും ഉയരാനുമുള്ള അവസരം ഇസ്‌ലാം വകവെച്ചുകൊടുക്കുന്നുണ്ടോ എന്നിങ്ങനെയുള്ള പൊതുസമൂഹത്തിന്റെ സംശയങ്ങൾ പ്രമാണങ്ങൾ ഉദ്ധരിച്ച് തിരുത്തിയപ്പോൾ 'കിതാബുകളിൽ ഉണ്ടായിരിക്കാം, സമൂഹത്തിൽ കാണുന്നത് മറിച്ചാണല്ലോ' എന്നായിരുന്നു പലരുടെയും പ്രതികരണം. സ്ത്രീകൾക്ക് വിദ്യാഭ്യാസവും സ്വാതന്ത്ര്യവും നൽകി അവരെ വളർത്താൻ ശ്രമിക്കുന്ന ജമാഅത്തെ ഇസ്‌ലാമി സ്ത്രീവിമോചനത്തിന്റെ കാര്യത്തിൽ പിറകോട്ട് പോകരുതെന്ന് പലരും ഉപദേശിച്ചു. ഈ ഉപദേശങ്ങൾ പ്രസ്ഥാനം സ്വീകരിക്കുകയും സാമൂഹിക നവോത്ഥാന പ്രക്രിയയിൽ കൂട്ടായ പങ്കും സഹകരണവും ആവശ്യപ്പെടുകയും ചെയ്യുകയാണ്.

പ്രവാചകൻ ഏതൊരു പതിതാവസ്ഥയിൽ നിന്നാണോ സ്ത്രീസമൂഹത്തെ മോചിപ്പിച്ചെടുത്തത്, ആ പതിതാവസ്ഥയിലേക്ക് തന്നെ അവരെ തിരിച്ചുകൊണ്ടുപോകാനുള്ള പൗരോഹിത്യത്തിന്റെയും, പരിഷ്കാരത്തിന്റെ പേരിൽ സ്ത്രീകളെ വീട്ടിൽനിന്ന് ഇറക്കി തെരുവിൽ വസ്ത്രമുരിഞ്ഞാടാൻ പ്രേരിപ്പിച്ച് ഇതാണ് സ്വാതന്ത്ര്യമെന്ന് പറയുന്ന സ്ത്രീ വിമോചന വാദികളുടെയും ഇടയിൽ യഥാർഥ സ്ത്രീശാക്തീകരണ പാതയാണ് ജമാഅത്തെ ഇസ്‌ലാമി മുന്നോട്ടുവെക്കുന്നത്.

ജാതിമത ഭേദമന്യേ സ്ത്രീസമൂഹം പലവിധ പീഡനങ്ങളുടെയും ഇരയാണ്. കുടുംബത്തിലും തൊഴിലിടങ്ങളിലും വിദ്യാലയങ്ങളിലും യാത്രകളിലും മാനസികവും ശാരീരികവുമായ പീഡനങ്ങൾ ഏറിക്കൊണ്ടിരിക്കുകയാണ്. സ്ത്രീ സ്വയം കരുത്താർജിച്ച് കഴിവും ശക്തിയും ഉള്ളവളാണെന്ന് സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. അതിലേക്കുള്ള ഒരു ചുവടുവെപ്പാണ് വനിതാ സമ്മേളനം.

തനിക്കു നേരെ നടക്കുന്ന കൈയേറ്റങ്ങൾക്കും അവകാശ നിഷേധങ്ങൾക്കുമെതിരെ ചെറുവിരലനക്കാൻ പോലും കഴിയാതെ നിസ്സഹായയാവുന്ന സ്ത്രീയെ ഒന്നുകൂടി ദുർബലയാക്കുംവിധമാണ് മാധ്യമങ്ങളുടെ അവതരണങ്ങൾ. സീരിയലിലും സിനിമയിലും അവൾ മാംസ കഷ്ണം മാത്രമാണ്. ഈ ധാരണ നാം തിരുത്തിയേ മതിയാകൂ. ചരിത്രം രേഖപ്പെടുത്തിയ വനിതകൾ, അക്രമത്തിനും അനീതിക്കും എതിരെ പ്രതികരിക്കുകയും സമൂഹത്തിൽ നന്മ പുലരാൻ ജീവത്യാഗം ചെയ്തവരുമാണ്. ഇസ്‌ലാമിക ചരിത്രത്തിൽ നമുക്ക് അത്തരം മഹതികളെ കണ്ടെത്താം.

നാം ചരിത്രം പഠിക്കാതായപ്പോഴാണ് തിന്മയുടെ ശക്തികൾ അവളെ ഉപയോഗിച്ച് ഫലം കൊയ്തത്. സ്ത്രീധന സമ്പ്രദായത്തിന്റെയും മദ്യത്തിന്റെയും ഭ്രൂണഹത്യയുടെയും അന്ധവിശ്വാസങ്ങളുടെയും ഉപഭോഗ സംസ്കാരത്തിന്റെയും ഇര എവിടെയും സ്ത്രീയാണ്. പരസ്യങ്ങൾക്കൊത്ത് കുടുംബം വ്യവസ്ഥപ്പെടുമ്പോൾ ധൂർത്തിന്റെയും ആഡംബരത്തിന്റെയും പ്രതിബിംബമായി സ്ത്രീയും കുടുംബവും മാറുകയാണ്. ഇതിനൊക്കെ മാറ്റമുണ്ടായേ പറ്റൂ. സമൂഹത്തിന്റെ മാതാവും സംസ്കാരങ്ങളുടെ മടിത്തട്ടുമായി ഉത്തരവാദിത്വം നിർവഹിക്കേണ്ട സ്ത്രീ, വഴിവിട്ട വിമോചന ചിന്തയുടെ വാഹകയായപ്പോൾ കുടുംബത്തിന്റെ താളം തെറ്റി. കുഞ്ഞുങ്ങൾക്ക് ശരിയായ ശിക്ഷണവും പരിപാലനവും നൽകാൻ മാതാക്കൾക്ക് സാധിക്കാതെ വന്നപ്പോഴാണ്, സമൂഹത്തോട് കലഹിക്കുന്ന സാമൂഹികദ്രോഹികളായ മക്കൾ ജന്മം കൊണ്ടത്. കിട്ടാതെ പോകുന്ന സ്നേഹം മദ്യത്തിലും മയക്കുമരുന്നിലും അന്വേഷിക്കുന്ന, അശ്ലീലങ്ങളിലേക്ക് വഴിതെറ്റുന്ന യുവത്വത്തിന്റെ വീണ്ടെടുപ്പിന് സമൂഹത്തിന്റെ ജീർണതക്കെതിരെ തേര് തെളിച്ച് സ്ത്രീകൾ സംഘടിക്കണം. വിദ്യാഭ്യാസം നേടുന്നതിനോ തൊഴിലെടുക്കുന്നതിനോ അധികാര പങ്കാളിയാകുന്നതിനോ ഇസ്‌ലാമിൽ സ്ത്രീക്ക് വിലക്കില്ല എന്നിരിക്കെ, ഈ രംഗത്തൊക്കെ മുസ്‌ലിം സ്ത്രീയുടെ സാന്നിധ്യം ഉണ്ടാ

വണം.സാമൂഹിക നീതിയും സുരക്ഷിതത്വവും പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരു പോലെ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. സ്ത്രീയെ അവളുടെ പഴയ പ്രതാപത്തി ലേക്ക് ഉയർത്തിക്കൊണ്ട് വരിക എന്നതാണ് പ്രസ്ഥാനം ലക്ഷ്യം വെക്കുന്നത്.

സ്ത്രീയുടെ മുമ്പിൽ അക്ഷരങ്ങൾ കൊട്ടിയടച്ചപ്പോൾ, അവൾക്ക് മാത്രമായി വിദ്യാലയങ്ങൾ തുറന്നതും അവളെ ഭാഷയും കലയും സാഹിത്യവും, ഖുർ ആൻ-ഹദീസ് തുടങ്ങിയ ഇസ്‌ലാമിക വിജ്ഞാനീയങ്ങളും അഭ്യസിപ്പിച്ചതും ഇസ്‌ലാ മിക പ്രസ്ഥാനമാണ്. സാമൂഹിക സംസ്കരണ പ്രവർത്തനങ്ങൾക്ക് സ്ത്രീകൾക്കായി വിംഗുകൾ രൂപവത്കരിച്ചതും, അവരുടെ വൈജ്ഞാനികവും സർഗാത്മകവുമായ കഴിവുകൾ വളർത്താൻ *ആരാമം* മാസികക്ക് തുടക്കം കുറിച്ചതും ആരാധനാ സ്വാതന്ത്ര്യം നിഷേധിച്ചവരെ ചോദ്യം ചെയ്ത് അവൾക്കായി അല്ലാഹുവിന്റെ പള്ളി തുറന്നുകൊടുത്തതും പ്രസ്ഥാനം ഏറ്റെടുത്ത് വിജയിപ്പിച്ച വിപ്ലവകരമായ ദൗത്യങ്ങ ളാണ്. അതിന് ജമാഅത്തെ ഇസ്‌ലാമിയെ പ്രാപ്തമാക്കിയത് ഇസ്‌ലാം തന്നെയാണ്. യഥാർഥ സ്ത്രീവിമോചനം ഇസ്‌ലാമിലൂടെയാണ് സാധിച്ചിട്ടുള്ളത്.

എന്നാലിന്ന് സ്ത്രീപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയാണ് ഇസ്‌ലാം ഏറ്റവുമധികം വിമർശിക്കപ്പെടുന്നതും തെറ്റിദ്ധരിക്കപ്പെടുന്നതും. വിവാഹം, വിവാഹമോചനം, ബഹു ഭാര്യാത്വം തുടങ്ങിയ കാര്യങ്ങളിൽ വ്യക്തികൾ ചെയ്തുകൂട്ടുന്ന അതിക്രമങ്ങളും നിയമലംഘനങ്ങളും ഇസ്‌ലാമിലേക്ക് വരവ് വെക്കുകയാണ് പൊതുസമൂഹം. മുസ്‌ലിം സ്ത്രീയുടെ വസ്ത്രം അവരെ പേടിപ്പെടുത്തുന്നു. ഞങ്ങൾ ചെന്നു കണ്ട സാംസ്കാ രിക- സാഹിത്യ മേഖലകളിലെ പല പ്രമുഖരും പർദയെക്കുറിച്ച് ആശങ്ക പ്രകടിപ്പി ക്കുകയുണ്ടായി. ഈ പേടിപ്പെടുത്തുന്ന വേഷമുള്ളപ്പോൾ നിങ്ങളുടെ അടുത്തിരി ക്കാൻ പറ്റുന്നില്ല എന്ന് തുറന്നു പറഞ്ഞു. നമ്മുടെ മതേതര ഭാരതം വിശ്വാസ സ്വാതന്ത്ര്യത്തെയും ആരാധാനാ സ്വാതന്ത്ര്യത്തെയും ആർക്കും നിഷേധിച്ചിട്ടില്ല എന്നി രിക്കെ, പർദയുടെ മേൽ ആക്ഷേപം ചൊരിയാൻ അവരെ പ്രേരിപ്പിക്കുന്നത്, അത് ഉപഭോഗ സംസ്കാരത്തെയും വഴിവിട്ട ജീവിതരീതികളെയും ചെറുക്കുന്നു എന്നതു കൊണ്ടാവാനേ തരമുള്ളൂ.

തീവ്രവാദത്തിന്റെയും ഭീകരതയുടെയും പ്രതീകമായി തെറ്റിദ്ധരിക്കപ്പെടുന്ന ഒരു സമൂഹമായി നാം മാറുകയാണ്. കുപ്രചാരണങ്ങൾ അഴിച്ചുവിട്ട് മുസ്‌ലിം സമൂഹത്തെ മുഖ്യധാരയിൽനിന്നകറ്റാനുള്ള ശ്രമങ്ങളെ തുറന്നു കാട്ടാനും പ്രതിരോധം കെട്ടിയു യർത്താനുമുള്ള ഒരു ശ്രമം കൂടിയാണ് ഈ സമ്മേളനം.

ഇസ്‌ലാം പോലെ സ്ത്രീകളെ ഉന്നത പദവികൾ നൽകി ആദരിക്കുന്ന മറ്റൊരു പ്രത്യയശാസ്ത്രവും ലോകത്ത് ഇല്ല എന്ന് തിരിച്ചറിയുന്ന പാശ്ചാത്യരടക്കമുള്ളവർ ഇസ്‌ലാമിലേക്ക് ആകൃഷ്ടരാവുന്ന സന്ദർഭമാണിത്. ഇതാണ് പലപ്പോഴും ഇസ്‌ലാമി നെതിരെയുള്ള കുപ്രാചരണത്തിന്റെ ഹേതു. തെറ്റിദ്ധാരണകൾ ദൂരീകരിക്കുകയും സമൂഹത്തിൽ തങ്ങളുടെ യഥാർഥ റോൾ നിർവഹിക്കാൻ സ്ത്രീസമൂഹത്തെ പ്രാപ്ത മാക്കുകയുമാണ് നമ്മുടെ ലക്ഷ്യം. ഉന്നതമായ ആദർശവും ഉദാത്തമായ സംസ്കാ രവും കൈവശമുള്ള നാം ദൈവത്തിന് മുമ്പിലല്ലാതെ ശിരസ്സ് കുനിക്കുകയില്ലെന്ന സമരപ്രഖ്യാപനം കൂടിയാണിത്. ആത്യന്തികമായി രാജ്യപുരോഗതിയും സ്ത്രീസമൂ ഹത്തിന്റെ സുരക്ഷയും സ്വാതന്ത്ര്യവും ലക്ഷ്യമാക്കി 2010 ജനുവരി 24-ന് നടക്കുന്ന ജമാഅത്തെ ഇസ്‌ലാമി വനിതാ സമ്മേളനം ഒരു ചരിത്ര സംഭവമായിത്തീരുമന്ന് നാം പ്രത്യാശിക്കുന്നു. സഹോദര സമുദായങ്ങളിൽനിന്നുൾപ്പെടെ ഒരു ലക്ഷം സഹോ ദരിമാരെ അണിനിരത്തി ഒരു പുതിയ കാൽവെപ്പ്. അല്ലാഹു അനുഗ്രഹിക്കുമാറാക ട്ടെ! ■